കോ-ഓപ്പറേറ്റീവ് പ്രസ്സ് മുളകുന്നത്തുകാവ് 2200391

# കുട്ടികളുടെ ഗ്രാമസഭ

## പ്രവർത്തന സഹായി

(കരട്)

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളംകുന്നത്തുകാവ്, തൃശ്ശൂർ - 680 581
E-mail:- kila@md2.vsnl.net.in

**കുട്ടികളുടെ ഗ്രാമസഭ പ്രവർത്തന സഹായി – കരട്**

ഓരോ ജനവിഭാഗത്തിനും ഭരണവികസന കാര്യങ്ങളിൽ നേരിട്ട് ഇടപെടാനുള്ള വേദികളാണ് ഗ്രാമസഭകൾ. നമ്മുടെ ഭരണഘടനാ നിർദ്ദേശങ്ങളും ജനാധിപത്യ മൂല്യങ്ങളും വികേന്ദ്രീകൃത ഭരണസമ്പ്രദായങ്ങളും വിജയകരമാക്കുന്നതിൽ ഗ്രാമസഭകൾക്ക് വലിയ പങ്ക് നിർവ്വഹിക്കാനാകും. ഒരു പൗരനെന്ന നിലയിൽ അവരുടെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉള്ള ശക്തമായ വേദിയാണ് ഗ്രാമസഭകൾ. അതുകൊണ്ടുതന്നെ ഗ്രാമസഭകൾ വിജയിപ്പിക്കുന്നതിന് ഭരണനേതൃത്വനിരയും പ്രദേശത്തെ ജനങ്ങളും പ്രഥമ പരിഗണന നൽകേണ്ടതാണ്.

ഗ്രാമസഭയെന്നാൽ ഒരു പഞ്ചായത്തിന്റെ ഓരോ വാർഡിലേയും വോട്ടർപട്ടികയിൽ പേരുള്ള എല്ലാവരും ഉൾപ്പെടുന്നതാണ്. എന്നാൽ ഈ പൊതു ഗ്രാമസഭയിൽ തങ്ങളുടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് സാമൂഹ്യശേഷി കുറഞ്ഞ ചില വിഭാഗങ്ങൾക്ക് അവസരം ലഭിക്കാതെപോകുന്ന സന്ദർഭങ്ങളുണ്ട്. ഈ സാഹചര്യങ്ങൾ സമൂഹത്തിന്റെ സവിശേഷ പരിഗണന ആവശ്യമായ ഈ വിഭാഗത്തിന്റെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും വിലയിരുത്തുന്നതിനും അവ പദ്ധതി നിർദ്ദേശങ്ങളിൽ പ്രതിഫലിക്കാതെ പോകുന്നതിനും ഇടയാക്കുന്നു. പഞ്ചായത്ത് രാജ് ആക്ടിന്റെ ഗ്രാമസഭ സംബന്ധിച്ച നിർദ്ദേശങ്ങളിൽ ഈ പ്രത്യേക വിഭാഗങ്ങളുടെ ഗ്രാമസഭ ചേരുന്നത് സംബന്ധിച്ച് അനുവാദം നൽകിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഊരുകൂട്ടങ്ങളും പിന്നീട് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക ഗ്രാമസഭകൾ ചേരുന്നതിനും സർക്കാർ നിർദ്ദേശമുണ്ടായത്. കൂടുതൽ വിഭാഗങ്ങൾക്ക് പ്രത്യേക ഗ്രാമസഭകൾ ഏർപ്പെടുത്തി അവരുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുക്കുന്നതിന് ഈ ഗ്രാമസഭകൾ സഹായകമാകും. ഇതിന്റെ ഭാഗമായി കുട്ടികൾ, മുതിർന്ന പൗരന്മാർ, സ്ത്രീകൾ, ശാരീരിക മാനസിക വൈകല്യം നേരിടുന്നവർ എന്നിവരുടെ ഗ്രാമസഭകൾ കൂടേണ്ടത് ആവശ്യമാണ്.

**കുട്ടികളുടെ ഗ്രാമസഭ എന്ത്? എന്തിന്?**

കുട്ടികൾക്കാവശ്യമായ മുതൽമുടക്ക് രാഷ്ട്രത്തിന്റെ ഏറ്റവും ശ്രേയസ്കരമായ നിക്ഷേപമാണെന്ന് കുട്ടികൾക്കായുള്ള ദേശീയ നയം വ്യക്തമാക്കുന്നു. കുട്ടികളുടെ വികസനം ഉറപ്പാക്കി രാഷ്ട്രത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് കഴിയണം. ഇത് സാദ്ധ്യമാകണമെങ്കിൽ എല്ലായിടത്തും ശിശുസൗഹൃദവും ആരോഗ്യദായകവും ആഹ്ലാദകരവും സുരക്ഷി



e) സുരക്ഷിതത്വം – അനുചിത പെരുമാറ്റങ്ങൾ, മനംമാറ്റം ഉണ്ടാക്കുന്ന വസ്തുക്കളുടെ ഉപയോഗം, ഇന്റർനെറ്റ്, മൊബൈൽ ഫോൺ ദുരുപയോഗം, അസുരക്ഷിത യാത്രകൾ, ആക്രമണങ്ങൾ, കുട്ടികളിൽ ദുസ്വാധീനമുണ്ടാകുന്ന സ്ഥാപനങ്ങൾ പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾ, പൊതുസ്ഥാപനങ്ങളിലെ കുട്ടികളോടുള്ള സമീപനം

ഓരോ ഗ്രൂപ്പും തങ്ങളുടെ വിഷയത്തെ സംബന്ധിച്ച് അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിങ്ങനെ ഓരോ കാര്യത്തെ സംബന്ധിച്ചും പട്ടികപ്പെടുത്തി അവതരിപ്പിക്കേണ്ടതാണ്. ആവശ്യങ്ങൾ പഞ്ചായത്തിന് പരിഗണിക്കാൻ കഴിയുംവിധം വ്യക്തമായി എഴുതേണ്ടതാണ്. ഓരോ ഗ്രൂപ്പിനും കുട്ടികളിൽ നിന്നും ഒരു അദ്ധ്യക്ഷനേയും അവതാരകനേയും തുടക്കത്തിൽതന്നെ തെരഞ്ഞെടുക്കേണ്ടതാണ്.

**പ്രതിനിധി തിരഞ്ഞെടുപ്പ്**

ഗ്രൂപ്പ് അവതരണത്തിനുശേഷം കുട്ടികളിൽ നിന്നും താൽപ്പര്യവും പ്രാപ്തിയുമുള്ള ഒരു പെൺകുട്ടിയെയും ഒരു ആൺകുട്ടിയെയും കുട്ടികളുടെ പഞ്ചായത്ത് സഭയിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

**കുട്ടികളുടെ പഞ്ചായത്ത് സഭ**

എല്ലാ കുട്ടികളുടെ ഗ്രാമസഭയിലേയും പ്രതിനിധികളെ ചേർത്ത് (രണ്ടു വീതം) പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനും വനിതാ ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് ചെയർപേയഴ്സൻ കൺവീനറും, വനിതാ ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കോ-ഓഡിനേറ്ററുമായി കുട്ടികളുടെ പഞ്ചായത്ത് സഭ വിളിച്ചുചേർക്കേണ്ടതാണ്. കുട്ടികളുടെ പഞ്ചായത്ത് സഭ ഓരോ വാർഡ്സഭയുടേയും റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്രോഡീകരിക്കേണ്ടതും അവയിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് അനുയോജ്യമായ പ്രവർത്തന പരിപാടികൾക്ക് രൂപം നൽകേണ്ടതുമാണ്. ഇപ്രകാരം വിഷയ മേഖലാടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പ്രവർത്തന പരിപാടികൾ പഞ്ചായത്ത് ഭരണസമിതി കൈമാറേണ്ടതും ഭരണസമിതി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മുതിർന്നവരുടെ പങ്കാളിത്തം

കുട്ടികളുടെ ഗ്രാമസഭയിൽ പഞ്ചായത്തംഗങ്ങൾ, നിയോഗിക്കപ്പെടുന്നു ഉദ്യോഗസ്ഥർ, ഫെസിലിറ്റേറ്റർമാർ എന്നിവരൊഴികെ മറ്റ് പൊതുജനങ്ങൾ പങ്കെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

**അജണ്ട**

കുട്ടികളുടെ ഗ്രാമസഭക്ക് വ്യക്തമായ കാര്യപരിപാടി ഉണ്ടായിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ, സ്വാഗതം, അദ്ധ്യക്ഷപ്രസംഗം, വിഷയാവതരണം, ഗ്രൂപ്പ് ചർച്ച, ഗ്രൂപ്പ് അവതരണം, ക്രോഡീകരണം, പ്രതിനിധി തിരഞ്ഞെടുപ്പ്, കൃതജ്ഞത എന്നിവ നിശ്ചയമായും ഉണ്ടായിരിക്കണം. വിഷയാവതരണത്തിൽ കുട്ടികളുടെ അവസ്ഥ, കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ, തദ്ദേശസ്ഥാപനത്തിലെ കുട്ടികൾക്കായുള്ള സംവിധാനങ്ങൾ, കുട്ടികളെ സംബന്ധിച്ച പഞ്ചായത്തിന്റെ കാഴ്ചപ്പാട്, കുട്ടികളുടെ അവകാശങ്ങൾ സംഗ്രഹമായി ഉൾപ്പെടുത്തിയിരിക്കണം. ഈ ഉദ്ഘാടനയോഗത്തിനുശേഷം തുടർ പരിപാടി എന്ന നിലയിൽ താഴെ പറയുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളായി തിരിച്ച് ചർച്ചക്ക് അവസരമൊരുക്കണം.

**ഗ്രൂപ്പ് ചർച്ചക്കുള്ള വിഷയങ്ങൾ**

a) കുടുംബം, സമൂഹം – കുടുംബബന്ധങ്ങൾ, കുടുംബാന്തരീക്ഷം, അയൽപക്കം, ചുറ്റുപാട്, സാമൂഹ്യ സാഹചര്യങ്ങൾ, വീടുകളിലെ സൗകര്യങ്ങൾ

b) വിദ്യാഭ്യാസം – സ്കൂൾ, അങ്കണവാടി–പഠനസൗകര്യങ്ങൾ, പ്രവർത്തനങ്ങൾ, സഹപാഠികൾ, യാത്രാസൗകര്യം, അദ്ധ്യാപക മനോഭാവം, സ്കൂൾ ക്ലബ്ബുകൾ

c) ആരോഗ്യം, ശുചിത്വം – പോഷണം, കായികക്ഷമത, ചികിത്സാ സൗകര്യം, സ്കൂൾ ഹെൽത്ത്, ഗാർഹിക ശുചിത്വം, പരിസര ശുചിത്വം, സ്ഥാപന ശുചിത്വം

d) പങ്കാളിത്തം – കുട്ടികൾക്കായുള്ള കൂട്ടായ്മകൾ (Adolscent Club, Balasabha, കലാസാംസ്കാരിക പ്രവർത്തനം), സ്കൂൾ പാർലമെന്റ്, വായനശാലകൾ



തവും ആയ പരിസ്ഥിതി വികസന ക്ഷേമ പ്രവർത്തനങ്ങൾക്കൊപ്പം ഉറപ്പാക്കേണ്ടത് സമഗ്ര ശിശു വികസനത്തിന്റെ പ്രധാന തത്വമാണ്. കുട്ടികളുടെ ക്ഷേമത്തിനുപുറമെ കുട്ടികളുടെ അവകാശങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം കുട്ടികൾക്കായുള്ള ഓരോ സംവിധാനവും തദ്ദേശതലത്തിൽ ഒരുക്കേണ്ടത്.

ശിശുസൗഹൃദ പഞ്ചായത്ത് സാദ്ധ്യമാക്കുക എന്നത് ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും കാഴ്ചപ്പാടാണ്. ഈ കാഴ്ചപ്പാട് പ്രായോഗികമാക്കുന്നതിന് കുട്ടികളെ പൂജ്യം മുതൽ 18 വയസ്സുവരെ ഒരു തുടർച്ചയായികണ്ട് ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണകൾ ഉറപ്പാക്കുക എന്നതാണ് കുട്ടികളുടെ സമഗ്ര വികസന പരിപാടിയുടെ ലക്ഷ്യം. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രാഥമികാരോഗ്യകേന്ദ്രം, അങ്കണവാടി, സ്കൂളുകൾ, ബാലസഭ തുടങ്ങിയ സംവിധാനങ്ങൾ ഉപയുക്തമാക്കി വളരെയേറെ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ അവകാശങ്ങൾ എല്ലായിടത്തും സംരക്ഷിക്കപ്പെടുകയോ ചില രംഗങ്ങളിൽ അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഈ അവസ്ഥക്ക് പരിഹാരമെന്ന നിലയിലാണ് കുട്ടികളുടെ ഗ്രാമസഭ ചേരുന്നത്.

**ഗ്രാമസഭ**

സമൂഹത്തിന്റെ ഭാവിവാഗ്ദാനമായ കുട്ടികളെ പഞ്ചായത്ത് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള കുട്ടികൾക്കായുള്ള ഭരണസംവിധാനം രൂപപ്പെടുത്തുന്നതിനുമുള്ള പരിപാടിയാണ് കുട്ടികളുടെ ഗ്രാമസഭ.

**കുട്ടികളുടെ ഗ്രാമസഭാ ലക്ഷ്യങ്ങൾ**

1. കുട്ടികളുടെ അവകാശങ്ങൾ എല്ലാ രംഗങ്ങളിലും ഉറപ്പുവരുത്തുക.
2. പഞ്ചായത്ത് ഭരണസംവിധാനത്തെയും ജനാധിപത്യ പ്രക്രിയയെയും കുട്ടികൾക്ക് പരിചയപ്പെടുത്തുക.
3. കുട്ടികളെ പരിഗണിക്കുന്ന ഒരു വികസന സമീപനം രൂപപ്പെടുത്തുകയും ശിശുസൗഹൃദപരമായ പഞ്ചായത്ത് ശാശ്വതമാക്കുകയും ചെയ്യുക.
4. കുട്ടികളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും സ്വതന്ത്രമായും നിർഭയമായും പ്രകടിപ്പിക്കുന്നതിനുള്ള വേദി രൂപപ്പെടുത്തുക.
5. ലിംഗസമത്വത്തിൽ അധിഷ്ഠിതമായ വികസന കാഴ്ചപ്പാടും കൂട്ടായ്മയും കുട്ടികളിൽ വളർത്തിയെടുക്കുക.

**കുട്ടികളുടെ ഗ്രാമസഭയെന്നാൽ**

ഒരു ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഉള്ള 8 നും 18 നും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികളും ഉൾപ്പെടുന്നതാണ്.

**കുട്ടികളുടെ പഞ്ചായത്ത് സഭ**

ഓരോ വാർഡുതല ഗ്രാമസഭയിൽ നിന്നും നിർദ്ദേശിക്കപ്പെടുന്ന രണ്ടു പ്രതിനിധികൾ (ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും) ഉൾക്കൊള്ളുന്നതാണ് പഞ്ചായത്തു സഭ. ഓരോ വാർഡുതല ഗ്രാമസഭയിൽ നിന്നും ലഭ്യമാകുന്ന പ്രശ്നങ്ങൾ, ആവശ്യങ്ങൾ, പരിഹാരങ്ങൾ എന്നിവ ക്രോഡീകരിക്കുന്നതിനും വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിനുമുള്ള സംവിധാനമാണിത്.

കുട്ടികളുടെ ഗ്രാമസഭാ കൺവീനർ – വാർഡു മെമ്പർ വാർഡുതല ഗ്രാമസഭകളുടെ കൺവീനർമാരാണ്.

അദ്ധ്യക്ഷൻ – ഗ്രാമസഭാ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടാണ് അദ്ധ്യക്ഷത വഹിക്കേണ്ടത്. പ്രസിഡണ്ടിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ അദ്ദേഹത്തിന്റെ അഭാവത്തിൽ കൺവീനറോ അദ്ധ്യക്ഷത വഹിക്കണം.

കുട്ടികളുടെ ഗ്രാമസഭാ യോഗങ്ങൾ – കുറഞ്ഞത് വർഷത്തിൽ ഒരിക്കലെങ്കിലും നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരണം.

യോഗം വിളിക്കൽ – യോഗം വിളിച്ചുചേർക്കേണ്ട ഉത്തരവാദിത്തം കൺവീനർ കൂടിയായ വാർഡു മെമ്പറിൽ നിക്ഷിപ്തമാണ്.

**യോഗ അറിയിപ്പു നൽകൽ/സംഘാടനം**

പഞ്ചായത്ത് സമിതിയിൽ ആലോചിച്ചശേഷം വനിതാ ശിശു വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എഡിഎസ്/സിഡിഎസ് ഭാരവാഹികൾ എന്നിവരെ അറിയിച്ചു കൊണ്ട് ഗ്രാമസഭ അറിയിപ്പുകൾ താഴെ പറയും പ്രകാരം നൽകണം.

1. അങ്കണവാടി വർക്കർ/ആശാ വർക്കർ/എഡിഎസ് ഭാരവാഹികൾ എന്നിവരുടെ സഹായത്തോടെ 8 നും 18 നും ഇടയിൽ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും (കുടുംബങ്ങൾക്കും അറിയിപ്പു നൽകുക).
2. കുട്ടികളുടെ ഗ്രാമസഭാ നോട്ടീസ് എല്ലാ പൊതു സ്ഥലങ്ങളിലും അതോടൊപ്പം അങ്കണവാടികൾ, സ്കൂളുകൾ, ട്യൂഷൻ സെന്ററുകൾ, സബ് സെന്ററുകൾ തുടങ്ങിയ സ്ഥലങ്ങളിലും പ്രദർശിപ്പിക്കണം.
3. കുമാരി ക്ലബ്ബുകൾ, ബാലസഭകൾ, എന്നിവയുടെ പ്രവർത്തകർക്കും അറിയിപ്പു നൽകണം.



**കോ-ഓർഡിനേറ്റർ**

ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന ഒരുദ്യോഗസ്ഥൻ കുട്ടികളുടെ ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കേണ്ടതാണ്. ഗ്രാമസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കൺവീനറെ കോ-ഓർഡിനേറ്റർ സഹായിക്കേണ്ടതാണ്. കുട്ടികളുടെ ഗ്രാമസഭാ പ്രതിനിധികളുടെ പഞ്ചായത്ത് സഭയിലെ കോ-ഓർഡിനേറ്റർ (പഞ്ചായത്ത് തലം) വനിതാ ശിശു വികസന വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ആയിരിക്കും. പഞ്ചായത്ത്തല സമിതിയുടെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആയിരിക്കും

**മിനിട്സ് തീരുമാനിക്കൽ**

കുട്ടികളുടെ ഗ്രാമസഭയുടെ മിനിട്സും തീരുമാനങ്ങളും യോഗസ്ഥലത്ത് വച്ചുതന്നെ എഴുതി തീർക്കേണ്ടതും തീരുമാനങ്ങൾ യോഗാവസാനം കുട്ടികളെ വായിച്ചുകേൾപ്പിക്കേണ്ടതുമാണ്.

**ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ**

കുട്ടികളുടെ ഗ്രാമസഭയിൽ പരിഗണിക്കേണ്ട ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ യോഗത്തിനു മുമ്പോ യോഗം നടക്കുമ്പോഴോ എഴുതി സമർപ്പിക്കുവാൻ കുട്ടികൾക്ക് അവകാശമുണ്ടായിരിക്കേണ്ടതാണ്.

**ഉദ്യോഗസ്ഥരുടെ പങ്കാളിത്തം**

പ്രസിഡണ്ട് ആവശ്യപ്പെടുന്നതനുസരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഏതൊരുദ്യോഗസ്ഥനും പ്രത്യേകിച്ച് ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയവയുടെ ഉദ്യോഗസ്ഥർ, ഗ്രാമസഭാ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**തീരുമാനങ്ങളും പഞ്ചായത്തുകളും**

കുട്ടികളുടെ ഗ്രാമസഭകളുടെ ശുപാർശകൾക്കും നിർദ്ദേങ്ങൾക്കും പഞ്ചായത്തുകൾ അർഹമായ പരിഗണന ഉറപ്പാക്കേണ്ടതാണ്.

**കുട്ടികളുടെ ഗ്രാമസഭ സംഘാടനം, നടത്തിപ്പ്**

1. തീയതി, സമയം, സ്ഥലം

   കുട്ടികൾക്ക് എത്തിച്ചേരുവാൻ അനുയോജ്യമായ സ്ഥലവും തീയതിയും സമയവും ശ്രദ്ധിക്കേണ്ടതാണ്. അവധി ദിവസങ്ങളാണ് അഭികാമ്യം.